# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6075 — 28-10-2011 ൽ മറുപടിക്ക്

## ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി : | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിനെ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | എ) ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി, വകുപ്പ് നവീകരിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി, വകുപ്പിനെ നവീകരിക്കുന്നതിനായി, കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ 55 വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എല്ലാ ജില്ലകളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. കള്ളുഷാപ്പുകളിൽ കൂടി വിൽക്കുന്ന കള്ള് ശുദ്ധമാണെന്ന് ഉറപ്പു വരുത്തുന്നതിനായി, തത്സമയ പരിശോധനയ്ക്കായി, പരീക്ഷണാടിസ്ഥാനത്തിൽ വകുപ്പിൽ മൊബൈൽ ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ, ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, റിഫ്ലക്ട് ജാക്കറ്റ്, ഹെൽമറ്റ്, കൈവിലങ്ങ്, സെർച്ച് ലൈറ്റ് എന്നിവ നൽകി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. 1996 -ൽ വാങ്ങുകയും, 2003-ൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കു നൽകുകയും ചെയ്യതും, തിരകൾ ലഭ്യമല്ലാത്തതിനാൽ ഉപയോഗിക്കാതിരുന്നതുമായ 101 റിവോൾവറുകൾക്കായി 9000 തിരകൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 2010-ൽ വാങ്ങിയതും തിരകൾ ലഭ്യമല്ലാതിരുന്നതിനാൽ നാളിതുവരെ ഉദ്യോഗസ്ഥർക്ക് നൽകാതിരുന്നതുമായ 110 പിസ്റ്റലുകൾക്കായി 17000 തിരകൾ വാങ്ങുന്നതിന് അനുമതി നൽകുകയും, ആയതിലേയ്ക്കുള്ള തുക പൂനയിലുള്ള അമ്യൂനിഷൻ ഫാക്ടറിയ്ക്ക് നൽകുകയും ചെയ്യിട്ടുണ്ട്. തിരകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പിസ്റ്റലുകൾ എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്. |

എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, മേജർ കേസുകൾ അന്വേഷിക്കുന്നതിനായി എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിനും, എക്സൈസ് കേസ്സുകളുടേയും പ്രതികളുടേയും വിവരം സംസ്ഥാനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനായി ക്രൈം റിക്കാർഡ്സ് ബ്യൂറോയും ആരംഭിക്കുന്നതാണ്.

എക്സൈസ് വകുപ്പിൽ, എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് 329 മൊബൈൽ ഫോൺ കണക്ഷനുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൽകിയിട്ടുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി, എക്സൈസ് ഗാർഡു മുതൽ മൊബൈൽ കണക്ഷൻ നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

| | |
|---|---|
| ബി) 90 കി.മീ. ചുറ്റളവിലുള്ള ഹൈറേഞ്ച് പ്രദേശങ്ങളും എട്ട് പോലീസ് സ്റ്റേഷനുകളും പ്രവർത്തന പരിധിയിൽ ഉൾക്കൊള്ളുന്ന ചാലക്കുടി എക്സൈസ് റേഞ്ചിന്റെ വ്യാപ്തിയും പ്രാധാന്യവും കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയോഗിക്കാനും കൂടുതൽ വാഹനങ്ങൾ അടക്കമുള്ള സൗകര്യങ്ങൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ ; | ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ